**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5478** **13-08-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പഠനമുറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സാമൂഹ്യ പഠനമുറി എന്ന പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഊരുകൾ കേന്ദ്രീകരിച്ച് 250 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ചുവരുന്നു. ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലും മറ്റ് പ്രധാന ഇടങ്ങളിലുമാണ് സാമൂഹ്യപഠന മുറി സജ്ജീകരിക്കുന്നത്. ഒരു പഠന കേന്ദ്രത്തിൽ കുറഞ്ഞത് 20 വിദ്യാർത്ഥികൾക്കാണ് പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. ഊരുകളിലെ അഭ്യസ്ഥവിദ്യരെയാണ് ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്നത്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ തുടങ്ങിയവയും സാമൂഹ്യപഠന മുറികൾ നൽകുന്നുണ്ട്. സാമൂഹ്യ പഠന കേന്ദ്രങ്ങളിൽ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ടി.വി, അനുബന്ധ ഉപകരണങ്ങൾ, 15 സ്റ്റഡി ടേബിൾ കം ചെയർ (2 പേർക്ക് വീതം ഇരിക്കാവുന്നത്) , പുസ്തകങ്ങൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള വിവരശേഖരണ പ്രക്രിയയ്ക്കായുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസിയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | സാമൂഹ്യപഠനമുറി എന്ന പദ്ധതിയുടെ വിവരശേഖരണം നടത്തുന്ന പ്രക്രിയയ്ക്കായുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല |
| (സി) | ടെണ്ടർ നടപടിക്രമങ്ങൾ അനുവർത്തിച്ചാണോ പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുത്തതെന്ന കാര്യം അറിയിക്കാമോ? | (സി) | സാമൂഹ്യപഠനമുറി എന്ന പദ്ധതിയുടെ വിവരശേഖരണം നടത്തുന്ന പ്രക്രിയയ്ക്കായുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ